*AFF NEWS LETTER*

# ALUNKAL FAMILY FELLOWSHIP
## KANDANAD

(for private circulation among the members only)

(Reg.No.ER184/08)

Website: www.alunkal.com    Email: info@alunkal.com

Vol. 9 No. 2    September 2017


***Presidential column:***

**Value system in family and society**

The advancement of human from a primeval nomadic mode of existence to that of family and society is the most significant stage in our cultural evolutionary process. The growth of civilization that we witness in human history is mainly a product of superior social behavior of our species, anchored in family system. The society consists of families and, therefore, its values are indistinguishable from each other.

Being a unit of the larger society, a family needs to operate with in a common frame- work based on an ethical code that the society prescribes. One can name it as civilization, culture or simply 'a model code of conduct'. Every individual, who claims to be a member of the larger society, needs to respect and adhere to this model code, lest it would lead to friction, hostility, estrangement, etc; that would adversely affect the integrity of the whole order.

As responsible members of the society it is our duty to see that our deeds and dealings conform to values and codes acceptable to others. In simple terms, the very survival of a society is based on the values that its members uphold, which is otherwise affirmed as **collective co-existence**. Human history is replete with examples on misuse of social system meeting undesirable end. Let us all try to live in peace and promote harmony in family and society.

Dr. A.C. Paul

ഒറ്റയായ ജീവിതശൈലിയിൽ നിന്ന് കുടുംബങ്ങളും, പിന്നീട് സമൂഹവും എന്ന കൂട്ടായ്മയിലേക്കുള്ള പരിവർത്തനമാണ് മനുഷ്യസംസ്കാരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നാഴികക്കല്ല്. അതുകൊണ്ടുതന്നെ കുടുംബങ്ങളെ സമൂഹം ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങളിൽ നിന്നും വേർതിരിക്കാനാവുന്നതല്ല. വ്യക്തികൾ ഇവയുടെ പരിരക്ഷകരും, ഗുണഭോക്താക്കളുമാണ്.

ഇത്തരത്തിൽ ഉരുത്തിരിയുന്ന അവസ്ഥാവിശേഷത്തെയാണ് നാം സംസ്കാരം എന്നു വിശേഷിപ്പിക്കുന്നത്. വ്യക്തിതാൽപര്യങ്ങൾക്ക് ഇവിടെ പ്രസക്തിയില്ല. മറിച്ചായാൽ കുടുംബങ്ങളും, സമൂഹംതന്നെയും ശിഥിലീകരിക്കപ്പെടും.

കുടുംബങ്ങളുടെയും, അതു മുഖാന്തിരം പൊതുസമൂഹത്തിന്റെയും കണ്ണികൾ എന്ന നിലയിൽ നാം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതിന്റെ അനിവാര്യത ഇവിടെ എടുത്തു പറയുന്നു.

------***-----

## സ്ലീബാ പെരുന്നാൾ

ജെയിംസ് തോമസ്

സെപ്റ്റംബർമാസം സുറിയാനി ക്രിസ്ത്യാനികൾക്ക് വളരെ പ്രധാനപ്പെട്ടതാണ്. വിശുദ്ധ മാതാവിന്റെ ജനനപെരുന്നാളിനെ തുടർന്ന് 14ാം തീയതി സ്ലീബാ പെരുന്നാൾ നാം കൊണ്ടാടുന്നു. കുസ്തന്തീനോസ് ചക്രവർത്തിയുടെ മാതാവായ ഹെലനി രാജ്ഞി കർത്താവിനെ ക്രൂശിച്ച ശ്ലീബ യരൂശലേമിൽ നിന്നും കണ്ടെടുത്തതിന്റെ ഓർമ്മയാണ് സ്ലീബാ പെരുന്നാൾ.

ക്രിസ്തീയ സഭ തുടക്കം മുതലേ വളരെ പീഢനങ്ങൾ അനുഭവിച്ചിട്ടുണ്ട്. എന്നാൽ നാലാം നൂറ്റാണ്ടിൽ കുസ്തന്തീനോസ് ചക്രവർത്തിയുടെ കാലത്ത് പീഢകൾ വളരെ കുറവായിരുന്നു എന്നുമാത്രമല്ല രാജഭരണം ക്രിസ്ത്യാനികളെ വളരെ സഹായിക്കുകയും ചെയ്തു. ഇത് വിശ്വാസികൾക്ക് സഭയെ കുറെയൊക്കെ പുനരുദ്ധരിക്കുവാനും ഒരുമിപ്പിക്കുവാനും സഹായിച്ചു. അയൽരാജ്യങ്ങളുമായി നിരന്തരം യുദ്ധങ്ങളിൽ പരാജയപ്പെട്ടിരുന്ന കുസ്തന്തിനോസ് ഇറ്റലിയിലെ മാക്സെൻതിയസുമായുള്ള യുദ്ധത്തിനിടയിൽ മിൽവിയൻ പാലത്തിൽവച്ചുണ്ടായ ഒരു ദർശനത്തിൽ ആകാശത്ത് കുരിശടയാളം കാണുകയും 'ഇതിനാൽ നീ രക്ഷിക്കപ്പെടും' എന്ന് ഒരു അശരീരി കേൾക്കുകയും ചെയ്തു. തുടർന്നുള്ള യുദ്ധത്തിൽ ചക്രവർത്തി റോമൻ സാമ്രാജ്യത്തിന്റെ കൊടിയുടെ അടയാളമായ കഴുകന്റെ രൂപം മാറ്റി കുരിശടയാളമുള്ള കൊടി ഉയർത്തി. യുദ്ധത്തിൽ ചക്രവർത്തി വിജയിച്ചു (AD 312).

യുദ്ധവിജയങ്ങളിലൂടെ കുരിശിന്റെ ശക്തി തിരിച്ചറിഞ്ഞ ചക്രവർത്തി തുടർന്ന് ക്രിസ്തുമതം സ്വീകരിക്കുകയും ക്രിസ്ത്യാനികൾക്ക് മതസ്വാതന്ത്ര്യവും, ഞായറാഴ്ച ആരാധനയ്ക്കായി അവധി പ്രഖ്യാപിക്കുകയും ചെയ്തു. ചക്രവർത്തി ക്രിസ്ത്യാനിയായതോടുകൂടി ക്രിസ്തുമതം രാജകീയമതമായിത്തീർന്നു. ഇതിനെതുടർന്ന് പാഴ്സി രാജാവും അർമീനിയൻ രാജാവും ക്രിസ്തുമതം സ്വീകരിച്ചു. അർമീനിയൻ രാജാവ് ആദ്യമായി ക്രിസ്തുമതം ഔദ്യോഗികമായി അംഗീകരിച്ചു. AD325ൽ കുസ്തന്തിനോസ് ചക്രവർത്തിയുടെ മേൽനോട്ടത്തിൽ ചരിത്രപ്രസിദ്ധമായ നിഖ്യാ സൂന്നഹദോസ് വിളിച്ചുകൂട്ടി. കുരിശിന്റെ ശക്തി തിരിച്ചറിഞ്ഞ കുസ്തന്തീനോസിന്റെ മാതാവായ ഹെലനീ രാജ്ഞി കർത്താവിനെ ക്രൂശിച്ച ശ്ലീബ കണ്ടെടുക്കുവാൻ പരിവാര സമേതം റോമയിൽനിന്നും യരൂശലേമിലേയ്ക്കു പുറപ്പെട്ടു. നമ്മുടെ കർത്താവിനെ തറച്ച ശ്ലീബ ഗോഗുൽത്തയിലെ ഒരു കുളത്തിൽനിന്നും കണ്ടെടുത്തു (AD 326).

രാജ്ഞി ഈ മഹാവാർത്ത ദേശത്ത് അറിയിക്കുവാനായി യരുശലേം മുതൽ കുസ്തന്തീനോസ്പോലീസുവരെയുള്ള പർവ്വതങ്ങളുടെ മുകളിൽ തീ കത്തിക്കുകയും ചെയ്തു. ഈ പാരമ്പര്യം സിറിയൻ രാജ്യത്ത് ഇന്നും നിലനിൽക്കുന്നു. സുറിയാനി സഭയിൽ തുർക്കി രാജ്യത്ത് രണ്ട് പ്രധാനപ്പെട്ട ദേവാലയങ്ങളിൽ കർത്താവിന്റെ സ്ലീബായുടെ അംശം സ്ഥാപിച്ചിട്ടുണ്ട്. പരിശുദ്ധ പാത്രിയർക്കീസ് ബാവമാർ സ്ഥിരം ധരിക്കുന്ന പടിമാലക്കുള്ളിൽ വി.സ്ലീബയുടെ അംശവും ദൈവമാതാവിന്റെ സൂനോറോയുടെ അംശവും നിക്ഷേപിക്കുകയെന്നുള്ളത് സുറിയാനിസഭയുടെ ഒരു പാരമ്പര്യമാണ്. വിശുദ്ധ സ്ലീബ എന്നും നമുക്ക് ശക്തിയും, തുണയും, കോട്ടയുമാകുന്നു.

------***-----



## ശ്രീമതി തങ്കം തോമസ്സ് അനുസ്മരണം

നമ്മുടെ ഫെല്ലോഷിപ്പിന്റെ സ്ഥാപക പ്രസിഡന്റ് ശ്രീ. എ.എം. തോമസ്സ് അവർകളുടെ പത്നി ശ്രീമതി തങ്കം തോമസ്സിന്റെ സ്മരണാർത്ഥം ഒരു പ്രാർത്ഥന-അനുസ്മരണ സമ്മേളനം 18.06.2017ന് വൈകിട്ട് 3.00 മണിക്ക്, പട്ടശ്ശേരിൽ ശ്രീ.ജോർജ്ജ് പീറ്റർ അവർകളുടെ ഭവനത്തിൽ ചേർന്നു. ഫെല്ലോഷിപ്പിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും മറ്റ് കുടുംബാംഗ

ങ്ങളും പ്രസ്തുത അനുസ്മരണ പ്രാർത്ഥനായോഗത്തിൽ പങ്കെടുത്തു. യാമപ്രാർത്ഥനാനന്തരം സങ്കീർത്തന പാരായണം, ഭക്തിഗാനാലാപനങ്ങൾ എന്നിവയ്ക്കുശേഷം അനുസ്മരണയോഗ നടപടികൾ ആരംഭിച്ചു. ശ്രീ. ജോർജ്ജ് അവർകൾ തന്റെ ഭവനത്തിൽ എത്തിച്ചേർന്ന എല്ലാവരെയും സ്വാഗതം ചെയ്യുകയും പരേതയായ തന്റെ ഭാര്യാമാതാവിനെ അനുസ്മരിച്ച് ഹൃസ്വമായി സംസാരിക്കുകയും ചെയ്തു. ഒരു വീട്ടമ്മ എന്നനിലയിൽ ശ്രീമതി തങ്കം തോമസ്സിന്റെ അനിതരസാധാരണമായ കഴിവുകൾ 'അപ്പച്ചൻ' ശ്രീ. എ.എം.തോമസ്സിന്റെ പൊതുപ്രവർത്തന ങ്ങൾക്ക് ഏറെ കരുത്ത് പ്രദാനം ചെയ്തതായി അദ്ദേഹം വിലയിരുത്തി. തുടർന്ന് ശ്രീമതി ശാന്താ ജോർജ്ജ് തന്റെ മാതാവിന്റെ ലഘുജീവചരിത്രം സദസ്സിൽ അവതരിപ്പിച്ചു (താഴെ കാണുക). ഡോ.എ.സി.പോൾ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ പ്രിയ 'ചേട്ടത്യാരെ' ഗൃഹാതുരതയോടെ അനുസ്മരിച്ചു. തന്നെ സ്വന്തം മകനെപ്പോലെ താലോലിച്ച് പരിലാളിച്ച തന്റെ 'മറ്റമ്മ'യായിരുന്നു ശ്രീമതി തങ്കം തോമസ് എന്ന് അദ്ദേഹം എടുത്തുപറഞ്ഞു.

പ്രാർത്ഥനാ ഗാനാലാപനങ്ങളോടെ വൈകീട്ട് 5 മണിക്ക് സമാപിച്ച അനുസ്മരണ സമ്മേളനത്തിൽ സീമന്തപുത്രി ശ്രീമതി മോളിമാത്യു, പ്രത്യേകക്ഷണിതാവ് ശ്രീമതി മോളിഫിലിപ്പ്, തോമസ്സ് - തങ്കം ദമ്പതികളുടെ മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ എന്നിവർ പങ്കെടുത്തു. വീട്ടുകാർ ഒരുക്കിയ സ്നേഹവിരുന്നിലും എല്ലാവരും ഹൃദ്യമായി പങ്കുകൊണ്ടു.

------***-----

## ശ്രീമതി തങ്കം തോമസ്സ്

(ഒരു മകളുടെ ഓർമ്മക്കുറിപ്പ്)

ശാന്ത ജോർജ്ജ്

ഞങ്ങൾ മക്കൾക്ക് ഓർമ്മവയ്ക്കുന്ന കാലംമുതൽ അപ്പച്ചന്റെ (ശ്രീ.എ.എം.തോമസ്സ്)കൂടെ എല്ലാ കാര്യങ്ങളിലും ഒപ്പം നിൽക്കുന്ന അമ്മയാണ് മനസ്സിൽ തെളിഞ്ഞുവരുന്നത്. രാവിലെ തന്നെ അടുക്കളയിൽ കയറി വീട്ടുപണികളിൽ മുഴുകുന്ന അമ്മ. ആദ്യകാലങ്ങളിൽ ഒരു ഒറ്റമുറിയിൽ നിന്നും, അപ്പച്ചന്റെ കക്ഷികൾക്ക് ഇരിക്കാനുള്ള ഒരുചായ്പ്പിൽനിന്നും, പടിപടിയായി ഉയർന്നുവന്ന ഞങ്ങളുടെ ജീവിതത്തിൽ അമ്മയുടെ പങ്ക് ഒട്ടും നിസ്സാരമായിരുന്നില്ല. അപ്പച്ചൻ ഹൈക്കോടതിയിലും, സുപ്രീം കോടതിയിലും വക്കീലായിരുന്ന കാലത്താണ് നിയമ സഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പിന് നിൽക്കുവാൻ നിർബന്ധിതനായത്. അപ്പച്ചൻ പൊതുരംഗ ത്തേയ്ക്ക് പോകുന്നത് അമ്മയ്ക്ക് ആദ്യമൊക്കെ എതിർപ്പായിരുന്നു. പക്ഷെ പിന്നീട് അപ്പച്ചനെ തേടിവന്ന ബഹുമതികൾ! അതിൽ ഒപ്പം അമ്മയും! നമ്മുടെ സംസ്ഥാനത്ത് ഇത്രയധികം ബഹുമതികൾ നേടിയ വ്യക്തി - ഏറ്റവും പ്രായം കുറഞ്ഞ സ്പീക്കർ, പാർലിമെന്റ് മെംബർ, കേന്ദ്രസഹമന്ത്രി, കേന്ദ്ര ക്യാബിനറ്റ് മന്ത്രി, ഹൈക്കമ്മീഷണർ, റിഫൈനറി ചെയർമാൻ, ഖാദിബോർഡ് ചെയർമാൻ - എന്നിങ്ങനെ നിരവധി സ്ഥാനങ്ങൾ വഹിച്ച അപ്പച്ചന്റെ ഒപ്പംനിന്ന് എല്ലാവരുമായും കൂടിക്കലരുകയും, അഭിനന്ദനങ്ങൾ ഏറ്റുവാങ്ങുകയും ചെയ്ത ഒരു വനിത ഞങ്ങളുടെ അമ്മയായിരിക്കും. ശ്രീമതി ഇന്ദിരാഗാന്ധി ഓസ്ട്രേലിയ സന്ദർശിച്ചത് അപ്പച്ചൻ അവിടെ ഹൈക്കമ്മീഷ്ണർ ആയിരുന്നപ്പോഴാണ്. ഒരാഴ്ച മുഴുവൻ ഇന്ദിരാഗാന്ധിയുടെ ഒപ്പം എല്ലാ പരിപാടിക ളിലും പങ്കെടുത്ത് തിരിച്ചുപോകുമ്പോൾ അവർ അമ്മയെ പ്രത്യേകം അഭിനന്ദിക്കുകയുണ്ടായി. അപ്പച്ചനും അമ്മയും എവിടെയായാലും കക്ഷിരാഷ്ട്രീയം നോക്കാതെ എല്ലാവരുമായും വളരെ രമ്യതയിൽ കഴിഞ്ഞിരുന്നു. അവർക്കെല്ലാം എപ്പോഴും വീട്ടിൽ വരുവാനുള്ള സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. അമ്മയുടെ കൈകൊണ്ടുണ്ടാക്കിയ ഭക്ഷണം കഴിക്കാത്ത പരിചയക്കാർ കുറവായിരിക്കും.

അമ്മയുടെ ഒരു പ്രത്യേകത കൃത്യമായി കണക്ക് സൂക്ഷിക്കുക എന്നതായിരുന്നു. ഓരോ ദിവസ ത്തെയും വരവ്ചിലവ് കണക്ക് എഴുതിവയ്ക്കാതെ അമ്മ ഉറങ്ങാറില്ലായിരുന്നു.

അപ്പച്ചൻ ഹൃദയശസ്ത്രക്രിയയ്ക്ക് പോയപ്പോൾ, അയർലാന്റിൽ, വച്ച് അമ്മയുടെ അസുഖ വിവരവും അറിഞ്ഞിരുന്നു. അമ്മയുടെ അന്ത്യം വളരെ സമാധാനപൂർണ്ണമായിരുന്നു. 1982 ഡിസംബർ 24ാം തീയതി ഞങ്ങളെയെല്ലാം ഫോണിൽ വിളിച്ചശേഷം ബോംബെപള്ളിയിൽ പാതിരാകുർബാനയ്ക്കുപോയി. തിരിച്ചുവന്ന് അപ്പച്ചനെ ക്രിസ്മസ് ആശംസിക്കുവാൻ വരുന്നവർക്ക് കൊടുക്കാനുള്ള പലഹാരങ്ങൾ - അമ്മ തന്നെ തയ്യാറാക്കിയ ഉണ്ട, കുഴലപ്പം, അച്ചപ്പം, ഡൈമൻകട്ട് എല്ലാം – ഒരുക്കിവച്ചശേഷം നെഞ്ചുവേദന തോന്നുകയും ഉടനെ ഹോസ്പിറ്റലിൽ കൊണ്ടുപോകുകയും ചെയ്തു. ഒരു മണിക്കൂറിനുള്ളിൽ, ക്രിസ്മസ് ദിനത്തിൽത്തന്നെ, അമ്മ ഇഹലോകവാസം വെടിഞ്ഞു. വിടപറയുമ്പോൾ അമ്മയ്ക്ക് 62 വയസ്സ്.

അമ്മയുടെ അകാലവേർപാട് അപ്പച്ചനെ എത്രമാത്രം വേദനിപ്പിച്ചിരുന്നു എന്ന് ഞങ്ങൾക്കെല്ലാം നന്നായി അറിയാം. എങ്കിലും തന്റെ മക്കളും, കൊച്ചുമക്കളും കൂടെ കുറെയെല്ലാം അത് നികത്തിയിരുന്നു.

NB : അമ്മ വെട്ടത്ത് ശ്രീ. വി.കെ.വർക്കിയുടെയും, തൃപ്പൂണിത്തുറ മൂക്കഞ്ചേരിൽ ശ്രീമതി അച്ചാമ്മയുടെയും 6 മക്കളിൽ അഞ്ചാമത്തവളായിരുന്നു. പുണ്യശ്ലോകനായ മൂക്കഞ്ചേരിൽ റമ്പാച്ചന്റെ സഹോദരിയാണ് അമ്മയുടെ അമ്മ. അമ്മയുടെ ബാല്യകാലവും വിദ്യാഭ്യാസവും എല്ലാം തൃശ്ശൂരിൽ ആയിരുന്നു.

------***-----

**<u>മെംബർഷിപ്പ് ഫീസ് ഘടനയും, പേട്രൺ മെംബർഷിപ്പിന്റെ പ്രാധാന്യവും</u>**

**അംഗത്വഫീസ് :** ഫെല്ലോഷിപ്പിൽ നിലവിലുള്ള അംഗത്വഫീസ് (Membership Fee) താഴെ വിവരി ക്കുംവിധമാണ്.

**സാധാരണ അംഗത്വം (Ordinary Membership) :** സാധാരണ അംഗത്വഫീ ഒരു വർഷം 150/- രൂപയാണ്. ഒരു കുടുംബത്തിന് ഒരു അംഗത്വം എന്ന നിലയിൽ കുടുംബനാഥൻ/ കുടുംബനാഥ ഇതിന് അർഹതയുണ്ട്. ഈ മെംബർഷിപ്പ് എല്ലാ വർഷവും പുതുക്കേണ്ടതാണ്.

**ആജീവനാന്ത അംഗത്വം/Life മെംബർഷിപ്പ് :** ആജീവനാന്ത അംഗത്വത്തിന്റെ വരിസംഖ്യ 1500/- രൂപയാണ്. കുടുംബനാഥൻ/കുടുംബനാഥ എന്ന നിലയിലാണ് ഈ അംഗത്വത്തിനും അർഹത. <u>ഇവരുടെ കാലശേഷം, കുടുംബത്തിലെ മറ്റ് അംഗങ്ങൾക്ക് ഇത് അവകാശപ്പെടാനാവില്ല. ഇങ്ങനെയുള്ളവർ അംഗത്വഫീസ് അടക്കേണ്ടതാണ്.</u>

**പേട്രൺ അംഗത്വം (Patron Membership) :** പേട്രൺ അംഗത്വം 5000/- രൂപയാണ്. ലൈഫ് മെംബർഷിപ്പ് എടുത്തിട്ടുള്ള വ്യക്തികൾ തങ്ങൾ നൽകിയിട്ടുള്ള മെംബർഷിപ്പ് ഫീസ് കിഴിച്ചുള്ള തുക നൽകിയാൽ പേട്രൺ അംഗത്വത്തിന് അർഹതനേടാം. പേട്രൺ അംഗത്വം ഉള്ള വ്യക്തിയുടെ കാലശേഷം ഒരു അനന്തരാവകാശിക്ക് <u>ലൈഫ് മെംബർഷിപ്പായി</u> ഇത് തുടരുവാനും വ്യവസ്ഥയുണ്ട്.

എല്ലാ അംഗങ്ങളും പേട്രൺ അംഗത്വം സ്വീകരിക്കുവാൻ മുന്നോട്ട് വരണം എന്ന് പ്രത്യേകമായി ആഹ്വാനം ചെയ്യുന്നു. നമ്മുടെ സംഘടനയുടെ ആത്യന്തികമായ നിലനിൽപ്പിന് ഇത് ഏറെ അഭിലഷണീയമാണ്.

(AFF Executive Committee)

------***-----

**Our Patron Members (Contd. from Vol 9, No.1) :**

## സാനുബ കുര്യൻ



മുളന്തുരുത്തി മാളീയ്ക്കൽ കണ്ണേത്ത് ശ്രീ കുര്യന്റെയും ആലുങ്കൽ ശ്രീമതി സാറാമ്മയുടെയും ഇളയപുത്രിയായി ജനിച്ചു. കണ്ടനാട്, മുളന്തുരുത്തി സ്കൂളുകളിൽ പ്രാഥമിക വിദ്യാഭ്യാസവും തുടർന്ന് എറണാകുളം മഹാരാജാസ് കോളേജിൽ ഉപരിപഠനവും നിർവഹിച്ച് M.A. English Literature ൽ ബിരുദാനന്തരബിരുദം നേടി. പഠനത്തിനുശേഷം ശ്രീമതി സാനുബ മൂന്ന് വർഷത്തോളം തൃപ്പൂണിത്തുറ ഓപ്പൺ യൂണിവേഴ്സിറ്റി കോളേജിൽ അദ്ധ്യാപികയായി സേവനമനുഷ്ഠിച്ചു പിന്നീട് കുടുംബത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് തന്റെ ജോലി ഉപേക്ഷിക്കുകയായിരുന്നു.

1980ൽ കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയുമായി സഹകരിച്ച് നാട്ടുകാരുടെ പ്രയോജനത്തിനായി കണ്ടനാട് ഒരു മെഡിക്കൽ ക്ലിനിക്ക് സ്ഥാപിക്കാൻ മുൻകൈ എടുക്കുകയും അത് പ്രാവർത്തികമാകുകയും ചെയ്തു. ആ സ്ഥാപനത്തിലൂടെ വിവിധ ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തിവരുന്നു.

കോലഞ്ചേരി മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി ഹെൽത്ത് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള SHADE (Self Help Association for Development and Empowerment) എന്ന സംഘടനയുടെ സെക്രട്ടറിയായി തുടക്കം മുതൽ ശ്രീമതി സാനുബ സേവനമനുഷ്ഠിച്ചു വരുന്നു. കൂടാതെ കണ്ടനാട് പ്രവർത്തിക്കുന്ന സ്വാശ്രയ ക്രെഡിറ്റ് യൂണിയന്റെ പ്രസിഡന്റായി കഴിഞ്ഞ 18 വർഷമായി സേവനമനുഷ്ഠിക്കുന്നു. അതുപോലെ കണ്ടനാട് പ്രവർത്തിക്കുന്ന Trigon Social Service League എന്ന ജീവകാരുണ്യ പ്രസ്ഥാനത്തിന്റെ ജനറൽ കൺവീനർ ആയും പ്രവർത്തിച്ചുവരുന്നു.

AFFന്റെ സ്ഥാപനത്തിലും, കുടുംബചരിത്രം പ്രസിദ്ധീകരിക്കുന്നതിലും, ഡയറക്ടറി തയ്യാറാക്കുന്നതിലും ശ്രീമതി സാനുബ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. AFFന്റെ ജനറൽ സെക്രട്ടറിയായും ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. സംഘടനയുടെ സ്ഥാപക അംഗം എന്നനിലയിൽ അതിന്റെ ഓർഗനൈസേഷൻ സെക്രട്ടറിയായും AFF ന്യൂസ് ലെറ്ററിന്റെ എഡിറ്ററായും പ്രവർത്തിച്ചുവരുന്നു. ശ്രീമതി സാനുബയ്ക്ക് ഐശ്വര്യപൂർണ്ണമായ ജീവിതം ആശംസിക്കുന്നു.

------***-----

## ശ്രീ. എ.എ അബ്രാഹം



ആലുങ്കൽ പരേതനായ ശ്രീ.പാപ്പച്ചൻ അവർകളുടെയും ശ്രീമതി അന്നമ്മയുടെയും മകനായി 1944ൽ ശ്രീ. അബ്രാഹം (അവിരാച്ചൻ) ജനിച്ചു. അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം കണ്ടനാട് Junior Basic School (JBS)ലായിരുന്നു. തുടർന്ന് തൃപ്പൂണിത്തുറ ഗവ.ബോയ്സ് ഹൈസ്കൂളിൽ SSLC പഠനം പൂർത്തിയാക്കി.

കരസേനയിൽ ചേർന്ന് 4 വർഷം സേവനം അനുഷ്ഠിക്കുകയും, അതിനുശേഷം Food Corporation of India (FCI) യിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. വിവിധ തസ്തികകളിൽ 29 വർഷം ജോലി ചെയ്തതിനുശേഷം 2002ൽ അദ്ദേഹം വിരമിച്ചു.

1974 ൽ ശ്രീ. അബ്രാഹം, പാടത്തുകാരൻ ശ്രീ. യാക്കോബിന്റെയും ശ്രീമതി തങ്കമ്മയുടെയും മകളായ ശ്രീമതി ബേബിയെ വിവാഹം കഴിച്ചു. അബ്രാഹം - ബേബി ദമ്പതികളുടെ ഏകമകൻ അജയ് ആണ്. അജയ് വിവാഹം കഴിച്ചിരിക്കുന്നത് ശ്രീമതി അമ്പിളി (വടക്കേക്കൂറ്റ്)യെയാണ്. അജയ് - അമ്പിളി ദമ്പതികളുടെ മകനാണ് 5 വയസ്സുകാരൻ യൂജിൻ.

കാർഷികവൃത്തിയിൽ വളരെ തൽപ്പരനായ ശ്രീ.അവരാച്ചൻ തന്റെ ഒഴിവുസമയം പൂർണ്ണമായും അതിൽ മുഴുകുന്നു. വിവിധഇനം കൃഷികളിലും, കൃഷിരീതികളിലും അദ്ദേഹം നൈപുണ്യം നേടിയിട്ടുണ്ട്. ഇക്കാര്യങ്ങളിലെല്ലാം ശ്രീ.അവരാച്ചന് പൂർണ്ണ പിൻതുണനൽകുന്ന ശ്രീമതി ബേബി ആത്മീയതയിൽ ഊന്നിയ കുടുംബജീവിതത്തിന് നേതൃത്വം നൽകുന്നു. ആലുങ്കൽ കുടുംബത്തിലെ ആദ്യവൈദികനും യശ്ശശരീരനുമായ റവ.ഫാ. അബ്രാഹം കത്തനാർ അവർകളുടെ നൂറാം ശ്രാദ്ധം 2015ൽ മാതൃകാപരമായ രീതിയിൽ നിർവ്വഹിച്ചതിൽ അദ്ദേഹത്തിന്റെ പിൻതലമുറക്കാരായ അബ്രാഹം - ബേബി ദമ്പതികൾ പ്രത്യേക പ്രശംസ അർഹിക്കുന്നു. കുടുംബത്തിന് എല്ലാവിധ ഐശ്വര്യങ്ങളും ആശംസിക്കുന്നു.

------***-----

## Late ശ്രീമതി ലിസ്സി ജേക്കബ്

(ഒരു അനുസ്മരണം)

മോളി ഫിലിപ്പ്



1931 ജൂൺമാസം 6-ാം തീയതി ആലുങ്കൽ ശ്രീ. വർക്കി വർഗ്ഗീസിന്റെയും ശ്രീമതി ശോശാമ്മയുടെയും കനിഷ്ഠപുത്രിയായി ജനിച്ചു. ലിസ്സി എന്ന ഓമനപ്പേരിൽ, കുടുംബത്തിലെ ആദ്യജാതയായതിനാൽ, എല്ലാവരുടെയും കണ്ണിലുണ്ണിയായി വളർന്നു. അദ്ധ്യാപകരായിരുന്ന അമ്മച്ചിയുടെയും അച്ചായന്റെയും ശിക്ഷണത്തിൽ വളർന്നതുകൊണ്ടാവാം ചേച്ചിക്ക് സ്വന്തക്കാരോടും പരിചയക്കാരോടും വളരെ അടുപ്പവും സ്നേഹവും ഉണ്ടായത്. സഹോദരങ്ങളെ പ്രാണനുതുല്യം സ്നേഹിച്ചിരുന്ന ചേച്ചിക്ക് പകരം വയ്ക്കുവാൻ ഒരാളെ കാണുക പ്രയാസമാണ്.

കണ്ടനാട് പ്രൈമറി സ്കൂളിലും തുടർന്ന് സെന്റ് മേരീസ് മിഡിൽ സ്കൂളിൽ ഏഴാം ക്ലാസ്സ് വരെയും പഠിച്ചു. സ്കൂളിലെ ആദ്യബാച്ചിലെ വിദ്യാർത്ഥിയായിരുന്നു ചേച്ചി. തുടർന്ന് തൃപ്പൂണിത്തുറ ഗേൾസ് ഹൈസ്കൂളിൽ പത്താം ക്ലാസ്സ് പൂർത്തിയാക്കി.

ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കുറച്ചുനാൾ ടൈപ്പ്റൈറ്റിങ്ങ്, ഷോർട്ട്ഹാൻഡ് എന്നിവ അഭ്യസിച്ചു. സ്വന്തം തലതൊട്ടമ്മയായ രണ്ടു കണ്ടത്തിലെ ശോശാമ്മ അമ്മായിയുടെ നിർദ്ദേശ പ്രകാരം ബോംബെയ്ക്ക് തിരിച്ചു. തുടർന്ന് അഹമ്മദാബാദിൽ നഴ്സിങ്ങ് പഠനത്തിന് ചേർന്നു. അതിനുശേഷം ബോംബെ സയോൺ ഹോസ്പിറ്റലിൽ ജോലിയിൽ പ്രവേശിച്ചു. ബഹറിനിൽ പോകാൻ അവസരം കിട്ടിയപ്പോൾ അവിടേയ്ക്ക് പുറപ്പെടുകയും. പിന്നീട് സൗദി അറേബ്യയിലെ അരാംകോ കമ്പനിയിൽ ഉദ്യോഗം നേടുകയും ചെയ്തു. നാട്ടിൽ തിരിച്ചുവന്നപ്പോൾ വീട്ടുകാരുടെ ആലോചനപ്രകാരം കോട്ടയം പുത്തനങ്ങാടി ഉള്ളാട്ടിൽ ഐസക്ക് ജേക്കബുമായുള്ള വിവാഹം 1964ൽ നടത്തി. വിവാഹശേഷം ജോലിയുപേക്ഷിച്ച് മദ്രാസ്സിൽ M.R.Fൽ ഉദ്യോഗസ്ഥനായ ചേട്ടനോടൊപ്പം ഒരു തികഞ്ഞ വീട്ടമ്മയായി ജീവിതം തുടങ്ങി. തിരുവട്ടിയൂരിൽ സ്വന്തമായ സ്ഥലത്ത് വീടുവച്ചു. പ്രാർത്ഥനാഗ്രൂപ്പ്, പള്ളി, വനിതാസമാജം മുതലായവയിലെ സജീവസാന്നിദ്ധ്യമായിരുന്ന ചേച്ചിക്ക് എല്ലാ അയൽക്കാരും സ്വന്തം വീട്ടുകാരെപ്പോലെയായിരുന്നു.


2017 മെയ്മാസം 19ാം തീയതി ചേച്ചി കർത്താ വിന്റെ തിരുസന്നിധിയിലേയ്ക്ക് യാത്രയായി. മൃതശരീരം മദ്രാസ്സിൽനിന്നും കോട്ടയത്ത് എത്തിച്ച് പുത്തൻപള്ളി സെമിത്തേരിയിലെ കുടുംബ കല്ലറയിൽ 22ാം തീയതി അടക്കം ചെയ്തു. ചേച്ചിക്ക് രണ്ടു പെൺമക്കൾ. അനിത, സോണി. മരുമക്കൾ വർഗ്ഗീസ്, ഷിബു. ചേച്ചിയുടെ ആത്മാവ് മാലാഖമാരൊത്ത് വസിക്കുവാൻ പ്രാർത്ഥിക്കുന്നു.

------***-----

## തമ്പി വർഗ്ഗീസ്

ദീപ്തമായ ഒരോർമ്മ

മോളി ഫിലിപ്പ്



ചേച്ചിയുടെ അനുസ്മരണം എഴുതിയ അന്നുതന്നെ അറംപറ്റിയതു പോലെ തമ്പിച്ചേട്ടനും ഞങ്ങളെ വിട്ടുപിരിഞ്ഞ ദുഃഖം ഞാൻ എങ്ങിനെ, വിവരിക്കും! എല്ലാ വേദനകളും താങ്ങാൻ ശക്തി തരണേ എന്ന് ശുദ്ധിമതിയായ മാതാവിനോട് പ്രാർത്ഥിച്ചുകൊണ്ട് ഞാൻ ഏതാനും വരികൾ ഇവിടെ കുറിക്കട്ടെ. 1937 ജൂലൈ മാസം 15ാം തീയതി ആലുങ്കൽ വർക്കി വർഗ്ഗീസിന്റെയും ശോശാമ്മയുടെയും ദ്വിതീയ പുത്രനായി തമ്പിച്ചേട്ടൻ ജനിച്ചു. മാമ്മോദീസ മുക്കിയതും തലതൊട്ടതും വന്ദ്യനായ ആലുങ്കൽ അബ്രാഹം കത്തനാരായിരുന്നതിനാൽ ചേട്ടന്റെ മാമ്മോദീസാ പേരും അബ്രാഹം എന്നുതന്നെയാണ്. അപ്പച്ചൻ സ്കൂളിലെ സാറായിരുന്നതിനാൽ അഞ്ചാം ക്ലാസ്സുവരെ ചേട്ടന്റെ വിദ്യാഭ്യാസം കടുംഗമംഗലം മാർഒസ്താത്തിയോസ് പ്രൈമറി സ്കൂളിൽ ആയിരുന്നു. ന്യൂമോണിയ പിടിപെട്ട് ഒരു അദ്ധ്യയനവർഷം നഷ്ടപ്പെട്ടു. ചേട്ടനും 'അനിയനും' ഒരേ ക്ലാസ്സിൽ പഠിക്കേണ്ട അവസ്ഥ ഒഴിവാക്കുന്നതിനായി തമ്പിച്ചേട്ടനെ ആറാംക്ലാസ്സുമുതൽ ഇരുമ്പനം ഹൈസ്കൂളിലേയ്ക്കു മാറ്റി. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തൃപ്പൂണിത്തു റയിൽ ടൈപ്പ് റൈറ്റിംഗ്, ഷോർട്ട്ഹാൻഡ് പരിശീലനത്തിനു ചേർന്നു. പാസ്സായതിനെ ത്തുടർന്ന് ബോംബെയിലായിരുന്ന ചേച്ചിയുടെ നിർദ്ദേശാനുസരണം അങ്ങോട്ട് വണ്ടികയറി. അവിടെ കേന്ദ്ര ഗവൺമെന്റിന്റെ Cotton Technological സ്ഥാപനത്തിൽ ജോലിക്ക് ചേർന്നു. ഈ കാലഘട്ടത്തിലാണ് കളമ്പൂർ കടുത്തോട്ടിൽ യോഹന്നാന്റെയും അന്നമ്മയുടെയും മകളായ സാറാക്കുട്ടിയുമായുള്ള വിവാഹം നടന്നത്. അവർക്ക് സാം, ജോജോ, ക്ഷേമ(സൂസൻ) എന്നീ മൂന്ന് മക്കളെ ദൈവം നൽകി. സാം ഇപ്പോൾ അബുദാബിയിലാണ്. ജോജോ രോഗബാധിതനായി 2014ൽ നിര്യാതനായി. സാം ചാലക്കുടിയിൽനിന്നും, ജോജോ മണകുന്നത്തു നിന്നുമാണ് വിവാഹം കഴിച്ചിട്ടുള്ളത്. ഇളയമകളായ ക്ഷേമയെ കുംഭപ്പിള്ളി വട്ടപ്പിള്ളിയിൽ സുനിൽ വർഗ്ഗീസ് ആണ് വിവാഹം ചെയ്തിരിക്കുന്നത്. ക്ഷേമ തിരുവാണിയൂർ ഗ്ലോബൽ പബ്ലിക് സ്കൂളിൽ വൈസ് പ്രിൻസിപ്പൽ ആണ്.

ജോജോയുടെ അകാലനിര്യാണം തമ്പിച്ചേട്ടനിൽ ഏൽപ്പിച്ച ആഘാതം വളരെ വലുതായിരുന്നു. ഇതിനിടെ സംഭവിച്ച ചേച്ചിയുടെ മരണംകൂടെ ചേട്ടനെ കൂടുതൽ തളർത്തി. ചേച്ചി മരിച്ച് മുപ്പത്തിമൂന്നാംദിവസം 2017 ജൂൺമാസം 18ാം തീയതി രാത്രി 10.30ന് തമ്പിച്ചേട്ടനും കർതൃസന്നിധിയിലേയ്ക്ക് യാത്രയായി.

തമ്പിച്ചേട്ടന്റെ നിഷ്കളങ്കമായ സ്നേഹവും കരുതലും വർണ്ണിക്കുവാൻ എന്റെ തൂലിക അശക്തമാണ്. ആർക്കും എപ്പോഴും ഏതുപകാരവും ചെയ്യാൻ ചേട്ടൻ സദാ സന്നദ്ധനാ

യിരുന്നു. ചേട്ടൻ ആരോടെങ്കിലും വഴക്കിടുന്നത് ഞാൻ കണ്ടിട്ടില്ല. എന്റെ ഭർത്താവിന്റെ രോഗക്കിടക്കയിൽ പലപ്പോഴും ശുശ്രൂഷിച്ചിരുന്നത് ചേട്ടനായിരുന്നു. ചേട്ടന്റെ സഹോദരസ്നേഹം ആർക്കും മാതൃകയാണ്. ചേട്ടന്റെ സ്നേഹസ്മരണയ്ക്കുമുന്നിൽ ആയിരം പ്രണാമങ്ങളർപ്പിച്ച് ഈ വാക്കുകൾ ചുരുക്കുന്നു.

------***-----

**AFF Diary**

- **വിവാഹം :**

തിരുവാങ്കുളം ചെത്തിമറ്റത്തിൽ അഡ്വ. സി.കെ. വർഗ്ഗീസ്കുട്ടി, പ്രൊഫ സിമിലു വർഗ്ഗീസ് ദമ്പതികളുടെ മകൻ ഡോ. വിനു വർഗ്ഗീസ്സും, വെല്ലൂർ പുത്തൻവീട്ടിൽ ഡോ. റെജി ഉമ്മൻ, ഡോ. ആനി റെജി ദമ്പതികളുടെ മകൾ ഡോ. സൗമ്യ സൂസനും 01.05.2017 ൽ കരിങ്ങാച്ചിറ സെന്റ് ജോർജ്ജ് കത്തീഡ്രലിൽ വച്ച് വിവാഹിതരായി. വിവാഹ മംഗളാശംസകൾ.

- **ഉന്നതവിജയികൾ**

X^th Std.

| | | | | | |
|---|---|---|---|---|---|
| 1. Kurian Elias | - | 98% | 2. Aneeta Mary Prince | - | 90% |
| 3. Solamon Alunkal | - | 82% | 4. Irene Sozzan Mathew | - | 82% |
| 5. Ansa Sojan | - | 76% | | | |

Plus-Two

Ashil Shaji - 76%

വിജയികൾക്ക് AFF News Letter സമിതിയുടെ അനുഗ്രഹാശംസകൾ. 98% മാർക്ക് നേടിയ കുര്യൻ ഏലിയാസും 90% മാർക്ക് നേടിയ അനിത മേരി പ്രിൻസും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

- **വിവാഹ ധനസഹായം :**
  1. നിർദ്ധനഭവനങ്ങളിലെ യുവതികളുടെ വിവാഹാവശ്യത്തിനായി ശ്രീ ജെയിംസ് തോമസ് AFFന് പ്രത്യേകമായി നൽകിയ സംഭാവനയായ ഒരുലക്ഷം രൂപയിൽനിന്നുള്ള പ്രഥമധനസഹായം S. Parur നിവാസികളായ കാനവെളിയിൽ ശിവദാസ് - സിന്ധു ദമ്പതികളുടെ മകളായ ശ്രുതിയുടെ വിവാഹത്തോടനു ബന്ധിച്ച് വിതരണം ചെയ്തു. പ്രസ്തുത ചടങ്ങിൽ ബഹു. ഉദയംപേരൂർ പഞ്ചായത്ത് പ്രസിഡന്റ്, ബഹു. വാർഡ് മെംബർ, AFFനെ പ്രതിനിധീകരിച്ച് ശ്രീ.അവിരാ വർഗ്ഗീസ്, ശ്രീ.എ.എം യോഹന്നാൻ എന്നിവർ പങ്കെടുത്തു.
  2. കണ്ടനാട് ചരുവിൽ രാജു – അമ്മിണി ദമ്പതികളുടെ മകൾ അനിതകുമാരി എന്ന നിർദ്ധന യുവതിക്ക്, സ്ഥലം പഞ്ചായത്ത് വാർഡ് മെംബറുടെ പ്രത്യേക ശുപാർശയുടെ അടിസ്ഥാനത്തിൽ വിവാഹ ധനസഹായം നൽകി.

ഇത്തരം ജീവകാരുണ്യപ്രവർത്തനത്തിന് സംഭാവന നൽകിയ ശ്രീ.ജെയിംസ് തോമസ്സ് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

------***-----